"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- CMDRF അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട അധിക മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

G.O.(Rt)No.251/2021/RD തീയതി,തിരുവനന്തപുരം, 22/01/2021

---

പരാമർശം:- 20.02.2020 തീയതിയിലെ റവന്യൂ/ഡി ആർ എഫ് എ1/19/2020/റവ നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയായി അപ്ഡേറ്റ് ചെയ്യുന്നതിലും മെഡിക്കൽ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ പരിശോധിക്കുന്നതിലും വീഴ്ച വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ആയത് പരിഹരിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. .

ബാങ്ക് അക്കൗണ്ടിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അനുബന്ധ രേഖകളുടെയും ആധികാരികത ഉറപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും .

അപേക്ഷകന്റെ / ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വിവരം അപ്ഡേറ്റ് ചെയ്യേണ്ടതിന്റെ പൂർണ ഉത്തരവാദിത്തം വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കെ , തെറ്റായ അക്കൗണ്ട് വിവരങ്ങൾ ചേർക്കുന്നതുവഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം തെറ്റായ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടാൽ ടി തുക വില്ലേജ് ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

രോഗിയുടേതല്ലാത്ത ബാങ്ക് അക്കൗണ്ട് സമർപ്പിക്കുകയാണെങ്കിൽ രോഗിയുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖകളുടെ സത്യാവസ്ഥ വില്ലേജ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

അപേക്ഷയിൽ പരാമർശിക്കുന്ന രോഗിയുടെ പേരും മെഡിക്കൽ സർട്ടിഫിക്കറ്റിലെ പേരും ഒന്നുതന്നെയാണെന്ന് വില്ലേജ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SANTHOSH KUMAR T K
JOINT SECRETARY

ലാന്റ് റവന്യൂകമ്മീഷണർ, തിരുവനന്തപുരം

എല്ലാജില്ലാകളക്ടർമാർക്കും (ബന്ധപ്പെട്ട എല്ലാവർക്കും നൽകേണ്ടതാണ്)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ധനകാര്യ (ഫണ്ട്സ് )വകുപ്പിന്

റവന്യൂ (DRF-B/C) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ